## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 186 17.06.2014 ലെ മറുപടിയ്ക്ക്

### കേരള ഭാഗ്യക്കുറി നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ :<br>ശ്രീ. പി. കെ. ഗുരുദാസൻ :<br>ശ്രീ. സി. കൃഷ്ണൻ :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരള ഭാഗ്യക്കുറി നേരിടുന്ന പ്രതിസന്ധിയെ അതിജീവിക്കാൻ സത്വര നടപടി സ്വീകരിക്കാമോ ; | (എ) കേരള ഭാഗ്യക്കുറി നിലവിൽ പ്രതിസന്ധിയൊന്നും നേരിടുന്നില്ല. |
| (ബി) കേരള ഭാഗ്യക്കുറി സംരക്ഷണ സമിതി മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; നിർദ്ദേശങ്ങളിന്മേൽ സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ; | (ബി) കേരള ഭാഗ്യക്കുറി സംരക്ഷണ സമിതി സർക്കാരിന് സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി 27-05-2014-ൽ ചർച്ച നടത്തിയിരുന്നു. ടിക്കറ്റിന്റെ വില വർദ്ധന പിൻവലിക്കുക, വെട്ടിക്കുറച്ച സമ്മാനങ്ങൾ പുന:സ്ഥാപിക്കുക, വിറ്റുവരവിന്റെ 50% സമ്മാനമായി നൽകുക, ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുക, ചൂതാട്ടലോട്ടറി കർശനമായി തടയുക എന്നിവയാണ് ഭാഗ്യക്കുറി സംരക്ഷണ സമിതി മുന്നോട്ടു വച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ. ചർച്ചയുടെ അടിസ്ഥാനത്തിൽ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, സമ്മാന ഘടന പുന:ക്രമീകരിക്കുക, തിരുവോണം ബമ്പർ ഒഴികെയുള്ള |

ബമ്പർ ലോട്ടറികളുടെ വില 100 രൂപയായി കുറയ്ക്കുക, ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടക്കുന്ന ദിവസം പ്രതിദിന നറുക്കെടുപ്പ് ഒഴിവാക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവോണം ബമ്പർ ലോട്ടറിയുടെ നറുക്കെടുപ്പ് നടക്കുന്ന ദിവസം പ്രതിദിന ലോട്ടറി നറുക്കെടുപ്പ് ഒഴിവാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. ചൂതാട്ട ലോട്ടറികളെ സംബന്ധിച്ച് സമിതി ഉന്നയിച്ച പരാതികൾ സംസ്ഥാന ഇന്റലിജൻസ് എ.ഡി.ജി.പി-യുടെ നേതൃത്വത്തിലുള്ള സംസ്ഥാന ലോട്ടറി മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**(സി) ടിക്കറ്റു വില വർദ്ധിപ്പിച്ചു കൊണ്ട് സമ്മാനങ്ങൾ വെട്ടിക്കുറച്ച സർക്കാർ നടപടി ലോട്ടറി മേഖലയെ ഏതെല്ലാം നിലയിലാണ് പ്രതിസന്ധിയിലാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;**

**(ഡി) പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കാമോ ?**

(സി) & (ഡി) ടിക്കറ്റു വില വർദ്ധിപ്പിച്ചതുമൂലം ലോട്ടറി മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല. ടിക്കറ്റ് വില വർദ്ധിപ്പിച്ചതിന് ആനുപാതികമായി സമ്മാനങ്ങളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവില വർദ്ധിപ്പിച്ചപ്പോൾ 1-ാം സമ്മാനത്തുകയിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ പതിനായിരം രൂപയുടെ സമ്മാനം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സംഘടനകളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് പ്രതിവാര ലോട്ടറിടിക്കറ്റുകളുടെ അച്ചടി 49 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.